www.apnades.in

# അപ്നാ ദേശ്


പുസ്തകം 62 ലക്കം 9 കോട്ടയം | 2012 ഏപ്രിൽ 22 | വാർഷിക വരിസംഖ്യ : ഇന്ത്യയിൽ – 100 രൂപ. വിദേശത്ത് – 2000 രൂപ

# അമേരിക്കയിലെ ക്നാനായ കത്തോലിക്ക ഇടവകകളും ചില യാഥാർത്ഥ്യങ്ങളും

**അ**മേരിക്കയിലെ ചിക്കാഗോ സീറോ മലബാർ രൂപതയുടെ കീഴിലുള്ള ക്നാനായ ഇടവകകളിലെ അംഗത്വം സംബന്ധിച്ചും, വിവാഹ സംബന്ധമായി ക്നാനായക്കാർ നൂറ്റാണ്ടുകളായി പാലിച്ചുവരുന്ന പാരമ്പര്യം (endogamy) സംബന്ധിച്ചും ചില അനാവശ്യ തെറ്റിദ്ധാരണകളും ദുഷ്പ്രചരണങ്ങളും ഉണ്ടായിട്ടുള്ളത് നിർഭാഗ്യകരമാണ്. ഈ സാഹചര്യത്തിൽ ഏതാനും കാര്യങ്ങൾ കൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

AD 345 ൽ ഉറഹാ മാർ യൗസേപ്പ് മെത്രാന്റെയും ക്നായിത്തോമ്മയുടെയും നേതൃത്വത്തിൽ മദ്ധ്യപൂർവ്വദേശത്തുനിന്ന് കൊടുങ്ങല്ലൂരിൽ മിഷനറി പ്രവർത്തനത്തിനെത്തിയ 72 കുടുംബങ്ങളുടെ പിൻതലമുറക്കാരാണല്ലോ ക്നാനായക്കാർ എന്നറിയപ്പെടുന്നത്. ഇവർ സ്വന്തം സമൂഹത്തിനു പുറമെനിന്നു വിവാഹബന്ധത്തിലേർപ്പെടാത്ത ഒരു പാരമ്പര്യം നൂറ്റാണ്ടുകളായി പാലിച്ചു വരുന്നവരും, ആരെങ്കിലും സ്വന്തം സമൂഹത്തിനു പുറമെ നിന്നു വിവാഹം കഴിക്കാനിടയായാൽ അയാൾ അതിനാൽ തന്നെ ക്നാനായ സമുദായത്തിലെ അംഗത്വം സ്വയം നഷ്ടപ്പെടുത്തുകയും ഉപേക്ഷിക്കുകയും ചെയ്തതായി പരിഗണിച്ചു വരുകയും ചെയ്യുന്നു. സ്വവംശ വിവാഹനിഷ്ഠക്കു പുറമെ മറ്റു പല സാമൂഹ്യ സാംസ്കാരിക ആചാരങ്ങളും ക്നാനായക്കാരെ തനിമയുള്ള ഒരു സമൂഹമായി നിലനിർത്തുന്നതിനു സഹായകമായിട്ടുണ്ട്.

സ്വവംശവിവാഹനിഷ്ഠയുടെ സാമൂഹികവും സാംസ്കാരികവുമായ അടിസ്ഥാനവും ഈ പാരമ്പര്യത്തോടു ക്നാനായ സമുദായാംഗങ്ങൾക്കുള്ള വൈകാരികമായ പ്രതിബദ്ധതയും സഭാതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. 1911 ലെ ക്നാനായക്കാർക്കായുള്ള കോട്ടയം വികാരിയാത്തിന്റെ സ്ഥാപനവും തുടർന്നുള്ള ഈ വികാരിയാത്തിന്റെ സഭാപരമായ വളർച്ചയും ഈ അംഗീകാരത്തിന്റെ വ്യക്തമായ അടയാളങ്ങളാണ്. ക്നാനായക്കാർക്കു വേണ്ടി മാത്രം സ്ഥാപിക്കപ്പെട്ട കോട്ടയം വികാരിയാത്തിലെ അംഗത്വത്തിനുള്ള യോഗ്യത ക്നാനായക്കാരനായിരിക്കുക എന്നുള്ളതാണ്. ക്നാനായക്കാരായ മാതാപിതാക്കൾക്കു ജനിക്കുന്നതിലൂടെ ക്നാനായക്കാരനാകുന്ന ഒരാൾ മാമ്മോദീസായിലുടെ കോട്ടയം അതിരൂപതയിലെ അംഗത്വത്തിന് അർഹനാകുന്നു. എന്നാൽ വിവാഹസംബന്ധമായ പ്രത്യേക പാരമ്പര്യം ഉപേക്ഷിച്ച് ക്നാനായ സമുദായത്തിനു പുറത്തുനിന്നു വിവാഹം കഴിക്കുന്ന വ്യക്തി ക്നാനായ സമുദായത്തിലെയോ ക്നാനായക്കാർക്കായി സ്ഥാപിതമായ കോട്ടയം അതിരൂപതയിലെയോ അംഗമായി തുടരുന്നതിനുള്ള അവകാശവും യോഗ്യതയും സ്വയം നഷ്ടപ്പെടുത്തുന്നു. ആ സാഹചര്യത്തിൽ കോട്ടയം അതിരുപതയിൽ അംഗമല്ലാത്ത, അംഗമാകാൻ അവകാശവും യോഗ്യതയുമില്ലാത്ത ജീവിതപങ്കാളിയുടെ (ഭാര്യയുടെ/ ഭർത്താവിന്റെ) രൂപതയിലേക്കു മാറുന്നതിന് അയാൾക്ക് അനുവാദവും ആവശ്യമായ രേഖകളും നൽകപ്പെടുന്നു. ക്നാനായക്കാരുടെ വിവാഹ സംബന്ധമായ പ്രത്യേക പാരമ്പര്യം സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടിയാണ് ക്നാനായ സമുദായവും കോട്ടയം അതിരൂപതയും മേല്പറഞ്ഞ നയം സ്വീകരിച്ചിട്ടുള്ളത്. ഈ നയം അഭംഗുരം തുടരാൻ നാമെല്ലാം പ്രതിജ്ഞാബദ്ധരാണ്.



ചിക്കാഗോ രൂപതയിലെ ക്നാനായ ഇടവകകളിലുള്ള അംഗത്വം സംബന്ധിച്ചും വിവാഹസംബന്ധമായി ക്നാനായക്കാർ നൂറ്റാണ്ടുകളായി പാലിച്ചുവരുന്ന പാരമ്പര്യം (endogamy) സംബന്ധിച്ചും കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് വിശദീകരിക്കുന്നു.

ക്നാനായ കത്തോലിക്കർ കോട്ടയം അതിരൂപതാദ്ധ്യക്ഷന്റെ അധികാരപരിധിക്കു പുറത്ത് താമസിക്കുന്നവരാണെങ്കിലും മേൽപറഞ്ഞ പാരമ്പര്യവും നയവും അവർക്കും ബാധകമായിരിക്കുമെന്ന നിലപാടാണ് കോട്ടയം അതിരൂപതാധികാരികൾ എന്നും കൈക്കൊണ്ടിട്ടുള്ളത്. ഈ നിലപാടിൽ നാമൊരിക്കലും അയവ് വരുത്തുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടില്ല. കോട്ടയം അതിരുപതാതിർത്തിക്കു പുറത്ത് താമസിക്കുന്ന ക്നാനായക്കാരുടെ ആദ്ധ്യാത്മികവും സഭാപരവും സാമുഹ്യവും സാമുദായികവുമായ പുരോഗതിക്കു വേണ്ടി സാധിക്കുന്നിടങ്ങളിലെല്ലാം അവർക്കായി പ്രത്യേക പള്ളികളും ഇടവകകളും ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തുവരുന്നു.

അമേരിക്കയിൽ താമസിക്കുന്ന ക്നാനായ കത്തോലിക്കർ കാനോനികമായി കോട്ടയം അതിരുപതാദ്ധ്യക്ഷന്റെ അധികാരപരിധിയിൽപ്പെടുന്നവരല്ല. അമേരിക്കയിൽ ചിക്കാഗോ രൂപതയുടെ കീഴിൽ ക്നാനായക്കാർക്കായി സ്ഥാപിക്കപ്പെട്ട ഇടവകകളിൽ ക്നാനായ സമുദായത്തിനു പുറമെ നിന്നു വിവാഹം കഴിച്ച ക്നാനായക്കാർക്ക് മറ്റു ക്നാനായക്കാരോടൊപ്പം തുല്യത (equal status) ഉണ്ടായിരിക്കുമെന്നും തൽസംബന്ധമായി കോട്ടയം അതിരുപതയിൽ അനുവർത്തിച്ചു വരുന്ന നയം പ്രസ്തുത ഇടവകകളിൽ അനുവദിക്കുകയില്ലെന്നുമുള്ള പൗരസ്ത്യ തിരുസംഘത്തിന്റെ നിബന്ധനയ്ക്കു വിധേയമായിട്ടാണ് ചിക്കാഗോ മെത്രാൻ ഈ ഇടവകകൾ സ്ഥാപിച്ചത്. കോട്ടയം അതിരൂപതയിൽ നാം അനുവർത്തിച്ചുവരുന്ന നയം ചിക്കാഗോ രൂപതയിലെ ക്നാനായ ഇടവകകളിലും നടപ്പാക്കാൻ (ശേഷം പേജ് 7)

# അമേരിക്കയിലെ ക്നാനായ കത്തോലിക്ക ഇടവകകളും ചില യാഥാർത്ഥ്യങ്ങളും

(ഒന്നാം പേജ് തുടർച്ച)

അനുവദിക്കണമെന്നു കോട്ടയം അതിരൂപതാദ്ധ്യക്ഷനും അമേരിക്കയിലെ ക്നാനായ സമൂഹവും പല പ്രാവശ്യം ആവർത്തിച്ച് ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത അപേക്ഷ ഇതുവരെ അനുവദിക്കപ്പെട്ടിട്ടില്ല. നമ്മുടെ ഈ ആവശ്യം സഭ അംഗീകരിക്കുന്നതുവരെ സഭയുടെ നിർദ്ദേശാനുസരണം ചിക്കാഗോ മെത്രാൻ തന്റെ അധികാരത്തിൻകീഴിലുള്ള ക്നാനായ ഇടവകകളെ സംബന്ധിച്ച് എടുക്കുന്ന തീരുമാനം അനുസരിക്കാൻ ആ രൂപതയിലെ വൈദികരും ജനങ്ങളും ബാദ്ധ്യസ്ഥരാണ്. ഇക്കാര്യത്തിൽ ചിക്കാഗോ രൂപതാദ്ധ്യക്ഷന്റെ തീരുമാനം ആദരിക്കാൻ കോട്ടയം അതിരൂപതാദ്ധ്യക്ഷനും നിർബന്ധിതനാണ്. തന്മൂലം കോട്ടയം അതിരൂപതയിൽ നാം അനുവർത്തിച്ചു വരുന്ന നയം കോട്ടയം അതിരൂപതയ്ക്കു പുറത്തുള്ള ക്നാനായ ഇടവകകളിലും ബാധകമാക്കണമെന്ന നമ്മുടെ അടിസ്ഥാന ആവശ്യം ഉപേക്ഷിക്കാതെ തന്നെ, ഈ ആവശ്യം അംഗീകരിക്കപ്പെടുന്നതുവരെ സഭയുടെ നിലവിലുള്ള തീരുമാനം അംഗീകരിക്കാൻ നാം കടപ്പെട്ടവരാണ്. സഭയുടെ ഈ തീരുമാനം അനുസരിച്ച്, ജന്മംകൊണ്ട് ക്നാനായക്കാരനായ ഒരു വ്യക്തിക്ക് ക്നാനായ സമുദായത്തിനു പുറത്തുള്ള ഒരാളെ വിവാഹം ചെയ്തതിന്റെ പേരിൽ അമേരിക്കയിലെ ചിക്കാഗോ സീറോ മലബാർ രൂപതയിലെ ക്നാനായ ഇടവകകളിൽ അംഗത്വം നിഷേധിക്കാൻ സാധ്യമല്ല. പ്രസ്തുത തീരുമാനം മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ അംഗീകരിക്കപ്പെട്ടാലും, ജന്മംകൊണ്ടു ക്നാനായക്കാരല്ലാത്ത ജീവിതപങ്കാളിക്കോ കുടുംബത്തിനോ ക്നാനായ ഇടവകയിൽ അംഗത്വം നൽകാൻ ഒരിക്കലും സാദ്ധ്യമല്ലെന്ന നിലപാടിൽ അമേരിക്കയിലെ ക്നാനായ ഇടവകകൾ ഉറച്ചുനിൽക്കുന്നു. കോട്ടയം അതിരൂപതയുടെ അധികാരപരിധിക്കു പുറത്തുള്ള ക്നാനായ ഇടവകകളെ സംബന്ധിച്ച് കത്തോലിക്കാസഭ സ്വീകരിച്ചിരിക്കുന്ന ഈ നിലപാടിന്റെ പശ്ചാത്തലവും സാഹചര്യങ്ങളും ശരിയായി മനസ്സിലാക്കാതെ ചിലർ നടത്തിയ പ്രസ്താവനകളും പരാമർശങ്ങളും ആളുകളിൽ വലിയ ചിന്താക്കുഴപ്പത്തിനു കാരണമായി.

നിഷ്പക്ഷമായി വസ്തുതകൾ പഠിക്കുന്നവർക്ക് താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാകും.

1. ക്നാനായ സമുദായത്തിനു പുറത്തുനിന്നു വിവാഹം കഴിക്കുന്നവരെ കോട്ടയം അതിരൂപതയിൽ അംഗമായി തുടരാൻ അനുവദിക്കുകയില്ലെന്ന നയത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല; ആരും നിർദ്ദേശിച്ചിട്ടുമില്ല.
2. പ്രസ്തുത നയം തന്നെ അതിരൂപതാതിർത്തിക്കു പുറത്ത് സ്ഥാപിക്കപ്പെടുന്ന ഇടവകകളിലും രുപതകളിലും നടപ്പിലാക്കണമെന്നാണ് കോട്ടയം അതിരുപതയും ക്നാനായ സമുദായവും ആഗ്രഹിക്കുന്നത്.
3. ഇതിനായി ബന്ധപ്പെട്ട സഭാധികാരികളോട് നാം നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അംഗീകരിക്കപ്പെടുന്നതുവരെ ഇക്കാര്യം നാം സഭയോട് തുടർന്നും ആവശ്യപ്പെട്ടുകൊണ്ടിരിക്കും.
4. സഭയുടെ നിർദ്ദേശാനുസരണം ചിക്കാഗോ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ തന്റെ രുപതയുടെ കീഴിലുള്ള ക്നാനായ ഇടവകകളിലെ അംഗത്വം സംബന്ധിച്ചെടുക്കുന്ന തീരുമാനം മാറ്റാനോ തിരുത്താനോ മാനിക്കാതിരിക്കാനോ കോട്ടയം അതിരൂപതാദ്ധ്യക്ഷന് അധികാരമില്ല.
5. കോട്ടയം അതിരൂപതയിൽ അനുവർത്തിക്കുന്ന നയം തന്നെ അതിരൂപതാതിർത്തിക്കു പുറത്തു സ്ഥാപിക്കപ്പെടുന്ന ഇടവകകളിലും നടപ്പിലാക്കാൻ അനുവദിക്കപ്പെടുന്നതുവരെ ചിക്കാഗോ രൂപതാദ്ധ്യക്ഷന്റെ ഇപ്പോഴത്തെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ അമേരിക്കയിലെ ക്നാനായ ഇടവകകൾ ബാദ്ധ്യസ്ഥരാണ്. അമേരിക്കയിൽ ആ തീരുമാനങ്ങൾ ആദരിക്കാൻ സഭാനിയമമനുസരിച്ച് കോട്ടയം അതിരൂപതാധികാരികളും നിർബന്ധിതരാണ്.
6. ചിക്കാഗോ രൂപതയിലെ ക്നാനായ ഇടവകകളിലെ അംഗത്വം സംബന്ധിച്ച് നമുക്ക് പൂർണ്ണമായും സ്വീകാര്യമല്ലാത്ത ഒരു നിയമത്തിന്റെ പേരിൽ, ഇടവകകൾ പോലുള്ള സഭാസംവിധാനങ്ങൾ വേണ്ടെന്നു വയ്ക്കുന്നത് വിവേകപൂർവ്വകമായ തീരുമാനമായിരിക്കുകയില്ല. ക്നാനായ സമുദായത്തിന്റെ പൊതുവും ആത്യന്തികവുമായ നന്മയ്ക്കുവേണ്ടി നമുക്ക് അസ്വീകാര്യമെങ്കിലും പരിശ്രമത്തിലൂടെ മാറ്റിയെടുക്കാവുന്ന കുറഞ്ഞ തിന്മ (lesser evil) തൽക്കാലം നാം ഏറ്റെടുക്കുകയും അതു മാറ്റിക്കിട്ടുവാൻ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെയുള്ള നമ്മുടെ പരിശ്രമങ്ങൾ തുടരുകയും ചെയ്യുന്നതാവും കൂടുതൽ കരണീയം.
7. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെടുന്ന ക്നാനായ ഇടവകകളും രൂപതകളും ചേർന്ന് രൂപം കൊള്ളുന്ന സ്വയംഭരണാവകാശമുള്ള (sui iuris) ക്നാനായ സഭാസമൂഹത്തിനായി നമുക്ക് ഒന്നുചേർന്ന് പരിശ്രമിക്കാം.